# കുറ്റ്യാടി പഞ്ചായത്ത് ബസ്സ്റ്റാൻഡും നീര പ്ലാന്റും ഉദ്ഘാടനംചെയ്തു

കുറ്റ്യാടി > പഞ്ചായത്ത് ബസ് സ്റ്റാൻഡ് കം ഷോപ്പിങ് കോം പ്ലക്സും കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി മരുതോങ്കര മുണ്ടവയലിൽ സ്ഥാപിച്ച നീര പ്ലാന്റും മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനംചെയ്തു.

ബസ് സ്റ്റാൻഡ് ഉദ്ഘാടനത്തിൽ കെ കെ ലതിക എംഎൽഎ അധ്യക്ഷയായി. ആദ്യ ബസ് മുല്ലപ്പള്ളി രാമചന്ദ്രൻ ഫ്ളാഗ്ഓഫ് ചെയ്തു. ബസ്സ്റ്റാൻഡിന് സ്ഥലംവിട്ടുനൽകിയ ഡോ. കെ മൂസ, എം കെ നജീബ്, കെ വി സഫീർ എന്നിവരെ ആദരിച്ചു. ജനപ്രതിനിധികളും രാഷ്ട്രീയപാർടി നേതാക്കളും സംസാരിച്ചു. കുറ്റ്യാടി പഞ്ചായത്ത് പ്രസിഡന്റ് കെ കെ നഫീസ സ്വാഗതം പറഞ്ഞു.

മരുതോങ്കര മുണ്ടവയലിൽ സ്ഥാപിച്ച നീര പ്ലാന്റ് ഉദ്ഘാടനത്തിൽ കമ്പനി പ്രസിഡന്റ് മത്തത്ത് ബാബു അധ്യക്ഷനായി. വെളിച്ചെണ്ണ പ്ലാന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ എംപിയും കർഷകർക്ക് വേതനം വിതരണോദ്ഘാടനം ഇ കെ വിജയൻ എംഎൽഎയും നിർവഹിച്ചു. നാളികേരള ബോർഡ് ഉദ്യോഗസ്ഥരും, ജനപ്രതിനിധികളും രാഷ്ട്രീയപാർടി നേതാക്കളും സംസാരിച്ചു. കെ സി ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു.